TRAFFIC CONTROL IN ERNAKULAM

244. മിസ്റ്റർ വി. കെ. കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവൺമെന്റ് സദയം മറുപടി പറയുമോ.—

(എ) എറണാകുളം പട്ടണത്തിലും പ്രത്യേകിച്ച് ബ്രോഡ്‌വെയിലും ഫ്രസ്സ്-ൽ എത്ര കാറപകടങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) ടൌണിന്റെ ഏതെല്ലാം ഭാഗങ്ങളിൽ എത്രപേരെ ട്രാഫിക്ക് "നിയന്ത്രണത്തിനു" നിയോഗിച്ചിട്ടുണ്ട്;

(സി) അതു എവിടെയെല്ലാമാണ്;

(ഡി) ഈ നിയന്ത്രണത്തിനു നിശ്ചയിച്ചിരിക്കുന്ന സമയം എത്തെല്ലാമാണ്;

(ഇ) ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്ന സമയത്തിനുശേഷം ട്രാഫിക്ക് തിരക്കുകൾ ഇല്ലെന്നാണോ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്;

(എഫ്) എറണാകുളം-കൊച്ചി ലാസ്റ്റ് ബോട്ട് വന്നടുക്കുന്നതുവരെ ബ്രോഡ്‌വെയിലേയും മറ്റു സ്ഥലങ്ങളിലേയും ട്രാഫിക്ക് നിയന്ത്രണം ദീർഘിപ്പിച്ചുകൊണ്ടുപോകേണ്ടതാവശ്യമാണെന്നു ഗവൺമെന്റിനു തോന്നുന്നുണ്ടോ;

(ജി) ഇപ്പോൾ വാഹനങ്ങൾ നിയന്ത്രിച്ചുപോകുന്ന ബ്രോഡ്‌വെ കവലകളിൽ രാത്രികാലങ്ങളിൽ വെളിച്ചം കണ്ട് നിയന്ത്രിക്കുന്നതിനു വല്ല സൗകര്യവും ചെയ്തുകൊടുത്തിട്ടുണ്ടോ;

(എച്ച്) ഇല്ലെങ്കിൽ യാത്രക്കാരുടെ രക്ഷക്കായി അപ്രകാരം ചെയ്തുകൊടുപ്പാൻ ദയവുണ്ടാകുമോ?

റാവുബഹദൂർ എം. നാരായണ മേനോൻ:

(എ) എറണാകുളം പട്ടണത്തിൽ 8 കാറപകടങ്ങൾ ഉണ്ടായിട്ടുണ്ട്. അതിൽ രണ്ടെണ്ണം ബ്രോഡ്‌വെയിൽ വെച്ചാണ്.

(ബി) മൂന്നു സ്ഥലങ്ങളിലേക്കു ഓരോ പോലീസ്സുകാരനെ പതിവായി അയക്കുന്നുണ്ട്. വേറെ മൂന്നു സ്ഥലങ്ങളിലേക്കു അടിയന്തിരജോലികൾ കഴിച്ചു് ആളുകളുള്ളപ്പോൾ ഓരോരുത്തരെ അയക്കാറുണ്ട്.

(സി) (എ) ബ്രോഡ്‌വെ ഫെറിജെട്ടി ജങ്ഷൻ (ബി) ഡർബാർ ഹാൾ-മിറർ റോഡ് ജങ്ഷൻ (സി) വളഞ്ഞമ്പലത്തിനു അടുത്തുള്ള ജങ്ഷൻ—ഈ മൂന്നു സ്ഥലങ്ങളിലേക്കു പതിവായി ആളെ അയക്കുന്നുണ്ട്. (എ) മാക്കറ് റോഡ്-ജൂസ്സ്ട്രീറ് ജങ്ഷൻ (ബി) മജിസ്ട്രേട്ടുകോടതിക്കടുത്തുള്ള ജങ്ഷൻ (സി) വടക്കെ റയിൽവെസ്റ്റേഷൻ റോഡ് ജങ്ഷൻ ഇവിടങ്ങളിലേക്കു ചിലപ്പോൾ അയക്കാറുണ്ട്.

(ഡി) കാലത്തു 9 മണിമുതൽ 12 മണിവരെയും ഉച്ചതിരിഞ്ഞു് 2-30 മുതൽ 6-30 വരെയും.

(ഇ) മറ്റു സമയങ്ങളിൽ ട്രാഫിക്കുതിരക്കു കുറവാണ്.

(എഫ്) ഇപ്പോൾ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഇല്ല.

(എച്ച്) ഇപ്പോൾ നടപ്പിലുള്ള നിയന്ത്രണംകൊണ്ട് യാത്രക്കാരുടെ രക്ഷ ഒ ഹായി തട്ടിട്ടില്ല.

ഇതിനെസംബന്ധിച്ചു് മൂന്നു നാലു ലൈറ്റുകൾ വേണമെന്നു് ഒരു പ്രൊപ്പോസൽ ഗവൺമെണ്ടിലേക്കയക്കുവാൻ പോകുന്നുണ്ടു്.

മിസ്സിസ്സ് തങ്കമ്മ എൻ. മേനോൻ : സബ്ഡിവിഷൻ (ഡി) യിൽ കാലത്തു് ഏഴു മണിമുതൽ ൧൧ മണിവരേയും, ഉച്ചതിരിഞ്ഞു് ൧-൩൦ മുതൽ ൭-൩൦ വരേയും സമയം നിശ്ചയിച്ചിട്ടുള്ളതായി പറഞ്ഞിട്ടുണ്ടു്. മറ്റുള്ള സമയങ്ങളിൽ ട്രാഫിക്കിന്റെ തിരക്കു കുറവാണെന്നു് അതിൽനിന്നു തെളിയുന്നു. അതു് ശരിയല്ല. ഉച്ചക്കു ൧൨ മണി സമയത്താണു് കാൺവെന്റ് സ്കൂൾ വിടുന്നതു്. ആ സമയത്തു് കുട്ടികളുടെ തിരക്കു് നല്ലവണ്ണം ഉണ്ടു്. കാലത്തു സ്കൂളിൽ പോയ കുട്ടികൾ തിരിച്ചു വീട്ടിൽ വരുന്നതുവരെ അമ്മമാക്കു സമാധാനമില്ല. കൂടാതെ ട്രാഫിക്കു നിയന്ത്രിക്കുവാൻ അവിടെ നില്ക്കുന്ന ആളുകളും ട്രാഫിക്കു് നിയന്ത്രണത്തിൽ കുറെ എക്സ്പീരിയൻസുള്ളവരായിരിക്കണം. രണ്ടും മൂന്നും കാറുകൾ അവിടന്നും ഇവിടന്നും വരുമ്പോൾ എല്ലാ കാറിനും ഒരേസമയത്തു സൈഡു കൊടുക്കുന്ന സംപ്രദായം മാറണം. കാലത്തു് ഒരാളെ അവിടെ നിറുത്തിയാൽ അതിനെതുടർന്നു നേരം വൈകുന്നതുവരെ ഡ്യൂട്ടിക്കു് ഒരാൾ എപ്പോഴും ഉണ്ടായിരിക്കണം. പ്രത്യേകിച്ചു് സ്കൂളുകളും മറ്റുമുള്ള കാരണംകൊണ്ടു് കൂടുതൽ ശ്രദ്ധിക്കണം.

മിസ്റ്റർ എ. വി. മൂത്തേടൻ : ഇതിൽ പറയുന്ന കാറപകടം ഒരുമണി സമയത്തു ഉച്ചക്കുണ്ടായതല്ലേ? അപ്പോൾ ട്രാഫിക്കിന്റെ തിരക്കില്ലാതിരുന്ന സമയമാണോ?

റാവുബഹദൂർ എം. നാരായണമേനോൻ : റോഡിൽ ട്രാഫിക്കു നിയന്ത്രിക്കുന്ന സ്ഥലത്തുനിന്നും ൨൦൦ വാര അകലെയാണു് സംഭവമുണ്ടായതു്.

മിസ്റ്റർ ഇസ്മുൽഹാജി ഈസാസേട്ട് : ൧൧ മണിക്കുശേഷം ട്രാഫിക്കുതിരക്കു കുറവായതുകൊണ്ടാണൊ ആളെ നിറുത്താത്തതു്?

റാവുബഹദൂർ എം. നാരായണമേനോൻ : അതെ.

COMPLAINTS AGAINST THE DOCTOR OF THE GRANT-IN-AID DISPENSARY, PANANCHERI

245. Mr. V. K. Krishnankutty *(Ezhuvas-Trichur)* : Will Government be pleased to state.—

(*a*) whether there have been written complaints against the doctor in charge of the grant-in-aid dispensary at Panancheri ;

(*b*) how many such complaints there have been in the years 1115 and 1116 ;

(*c*) whether the Chief Medical Officer has inquired into the allegations himself ; has he inspected the dispensary ;

LIBRARY ARCHIVES Kerala Legislative Assembly